## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1438 — 30-01-2018 -ൽ മറുപടിക്ക്

### സംസ്ഥാന ദുരന്തനിവാരണ ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിലവിൽ എന്ത് തുക നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ നീക്കിയിരിപ്പുള്ളത് 35,83,84,423/- രൂപയാണ് (കളക്ടർമാരുടെ കൈവശമുള്ള തുക കിഴിച്ചിട്ടുള്ള തുക). കൂടാതെ ഓഖി ദുരിതാശ്വാസത്തിന് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച 133 കോടി രൂപയും ബാക്കിയുണ്ട്. |
| ബി) | ഇതിൽ കേന്ദ്ര സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റിന് നൽകുന്ന തുക ഉൾപ്പെടുമോ; എങ്കിൽ 2016-17 ലും, 2017-18 ലും കേന്ദ്ര സർക്കാർ നൽകിയ തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ; | ബി) | സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി – കേന്ദ്ര വിഹിതം, 48.50 കോടി – സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153 കോടി - കേന്ദ്ര വിഹിതം, 51 കോടി – സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിക്കാതെ surrender ചെയ്ത തുകയും കൂടി ധനകാര്യ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമേ "2245-80-800-80-Other Miscellaneous Relief Expenditure" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2016-17 സാമ്പത്തിക വർഷം 7,44,00,000/- രൂപയും, 2017-18 സാമ്പത്തിക വർഷം 5,00,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ നേരിട്ട വരൾച്ചയുമായി ബന്ധപ്പെട്ട് 112.50 കോടി രൂപയും, കുടിവെള്ള വിതരണത്തിനായി (Special component of National Rural Drinking Water Programme (NRDWP)) 14.42 കോടി രൂപയും അനുവദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതിൽ നിന്നും പ്രസ്തുത വർഷങ്ങളിൽ ദുരന്തനിവാരണത്തിന് എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; | സി) | 2016-17 സാമ്പത്തിക വർഷം 1,52,30,22,734/- രൂപ ചെലവാക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം 2,43,60,66,577/- രൂപ വിവിധ ശീർഷകങ്ങളിലായി ബന്ധപ്പെട്ട കലക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഈ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ഡി) | ഉണ്ട്. ഓഖി ദുരന്തം കാരണം ഉണ്ടായ അടിയന്തിര സാഹചര്യം നേരിടുന്നതിന് ജില്ലാകളക്ടർമാർക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും **44,61,49,232/-** രൂപ അനുവദിച്ചിട്ടുണ്ട്. |
| ഇ) | ഓഖി ദുരന്തത്തെ തുടർന്ന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ ചെലവ് ഈ ഫണ്ടിൽ നിന്നുമാണോ ചെലവാക്കിയതെന്ന് വെളിപ്പെടുത്താമോ; എങ്കിൽ എത്ര തുക ഈയിനത്തിൽ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ? | ഇ) | ഓഖി ദുരന്തത്തെ തുടർന്ന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ ചെലവ് വഹിക്കുന്നതിനായി 22/12/2017 ലെ സ.ഉ(സാധാ)നം.115/2017/ഡിഎംഡി പ്രകാരം 10,50,000/-രൂപ ദുരന്ത നിവാരണഫണ്ടിൽ നിന്നും ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് അനുവദിച്ച് ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ